# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

2011 –2012 –ലെ ആദ്യ ബഡ്ജറ്റ് വിശദാംശങ്ങൾ

136 ഡോ. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അവതരിപ്പിച്ച ആദ്യ ബഡ്ജറ്റ് പ്രസംഗത്തിലെ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം വകുപ്പുകൾ, ഏതെല്ലാം ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(സി) മുൻസാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട ഏതെല്ലാം പദ്ധതികൾക്ക് എത്ര വീതം തുകകളാണ് ചിലവഴിക്കപ്പെടാതിരുന്നതെന്ന് വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ;

(ഡി) ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾക്ക് വകയിരുത്തിയ തുകകളിൽ ഈ വർഷം ചിലവ് വന്നിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

2011-12 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവുകളുടെ വിശദാംശങ്ങൾ

137

ശ്രീ. ജി. സുധാകരൻ
ശ്രീമതി പി. അയിഷാപോറ്റി
ശ്രീ. എം. ചന്ദ്രൻ
,, എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അവതരിപ്പിച്ച ആദ്യ ബജറ്റിലെ നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളും എല്ലാം നടപ്പിലാക്കാൻ സാധിച്ചുവെന്ന് കരുതുന്നുണ്ടോ; ഇക്കാര്യം വിലയിരുത്തിയിട്ടുണ്ടായിരുന്നുവോ;

(ബി) 2011 - 12 ലെ ബജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു; ഭരണാനുമതി നൽകിയെങ്കിലും യഥാർത്ഥത്തിൽ ആ വർഷം നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വകുപ്പു തിരിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) യഥാർത്ഥത്തിൽ നടപ്പിലാക്കിയിട്ടില്ലാത്തതു മൂലം ചെലവഴിക്കാൻ കഴിയാത്ത തുക, ലാപ്സായിപ്പോയവ ഏതൊക്കെയായിരുന്നു; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) 2011 - 12 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

2012 -13 ലെ പദ്ധതി വിഹിതം

138 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യവികസനം മുൻനിർത്തി മുൻവർഷങ്ങളുടെ തുടർച്ചയായി, 2012 -13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ട താഴെപ്പറയുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് വിശദമായ പദ്ധതി റിപ്പോർട്ടുകൾ പ്രകാരം ആവശ്യമായ യഥാർത്ഥ തുക എത്രയാണെന്നും, ഈ വർഷത്തേക്കുള്ള പദ്ധതി വിഹിതം എത്രയാണെന്നും വെളിപ്പെടുത്താമോ :

(1) തീരവികസന പദ്ധതി
(2) മത്സ്യബന്ധന ഗ്രാമങ്ങളുടെ സംയോജിത വികസനം
(3) ശബരിമല മാസ്റ്റർ പ്ലാൻ
(4) വയനാട് പാക്കേജ്
(5) ഇടുക്കി പാക്കേജ്
(6) കൊച്ചി മെട്രോ
(7) കണ്ണൂർ വിമാനത്താവളം
(8) വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ
(9) ഉൾനാടൻ ജലഗതാഗതം
(10) മുല്ലപ്പെരിയാർ ഡാം

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായി കണക്കാക്കപ്പെട്ട തുകയുടെ എത്ര ശതമാനം വീതമാണ് വാർഷിക പദ്ധതിയിലെ വിഹിതങ്ങൾ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

വിവിധ പദ്ധതികൾക്ക് ചെലവഴിച്ച തുക

139 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താഴെപ്പറയുന്ന പദ്ധതികൾക്ക് 2011-2012 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഖജനാവിൽ നിന്നും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

1. വിഴിഞ്ഞം തുറമുഖപദ്ധതി
2. സ്മാർട്ട് സിറ്റി പദ്ധതി
3. കൊച്ചി മെട്രോ പദ്ധതി
4. കണ്ണൂർ വിമാനത്താവളം
5. ദേശീയ ജലപാത
6. മലയോര വികസന അതോറിറ്റി

(ബി) ഈ പദ്ധതികൾ ഓരോന്നും പൂർത്തീകരിക്കുന്നതിന് വേണ്ടി വരുന്നതായി കണക്കാക്കുന്ന ചെലവെത്ര എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

2011-12 വർഷത്തിൽ ഓരോ വകുപ്പുകൾക്കും വകയിരുത്തിയതും ചെലവാക്കിയതുമായ തുകയുടെ വിശദാംശം

140 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ ഓരോ വകുപ്പുകൾക്കും എത്ര തുകയാണ് വകയിരുത്തിയിരുന്നത്; പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) വകയിരുത്തപ്പെട്ട തുകയിൽ മാർച്ച് 31 വരെ എത്ര തുക ചെലവഴിച്ചു എന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ വകുപ്പും എത്ര ശതമാനം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) അൻപത് ശതമാനത്തിൽ താഴെ പദ്ധതി വിഹിതം ചെലവഴിച്ച വകുപ്പുകൾ ഏതെല്ലാം; വിശദമാക്കാമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>2011-12 സാമ്പത്തിക വര്‍ഷം നികുതിയിനത്തില്‍ പിരിച്ചെടുത്ത തുക</u>

141

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-12 സാമ്പത്തിക വര്‍ഷം നികുതിയിനത്തില്‍ പിരിച്ചെടുത്ത തുക തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2011-12 സാമ്പത്തിക വര്‍ഷം എത്ര കോടി രൂപയാണ് നികുതിയിനത്തില്‍ പിരിച്ചെടുക്കുവാന്‍ ഉദ്ദേശിച്ചത്;

(സി) നികുതി പിരിച്ചെടുക്കുന്നതില്‍ കുറവ് വന്നിട്ടുള്ള പക്ഷം ആയത് പരിഹരിക്കുവാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>യു. ഡി. എഫ്. സർക്കാരിന്റെ പദ്ധതി പ്രവർത്തന അവലോകനം</u>

142 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാറിന്റെ ആദ്യവർഷത്തെ പദ്ധതി പ്രവർത്തന(2011-12)ത്തിന്റെ അവലോകത്തിന്റെയടിസ്ഥാനത്തിൽ ലക്ഷ്യവും കോട്ടവും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പദ്ധതി അടങ്കൽ എത്ര കോടിയായിരുന്നു, ചെലവഴിക്കാൻ കഴിയാതെ പോയത് എത്ര കോടിയുടെ അടങ്കലായിരുന്നു;

(സി) വിദേശ സഹയത്തോടെയുള്ള പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാതെ വന്നത് ഏതൊക്കെയായിരുന്നു; വിശദമാക്കാമോ;

(ഡി) കേന്ദ്ര സഹായ പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാത്തവ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ഇ) അൻപത് ശതമാനത്തിൽ താഴെ മാത്രം ചെലവ് വരുത്തിയ വകുപ്പുകൾ ഏവ; അവയുടെ അടങ്കലും ചെലവും സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

2011-12 ബഡ്ജറ്റിൽ പ്രഖ്യാപനങ്ങളിൽ സ്വീകരിച്ച നടപടികൾ

143 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തേക്ക് ധനകാര്യവകുപ്പു മന്ത്രി 2011 ജൂലൈ 8-ന് അവതരിപ്പിച്ച ബഡ്ജറ്റിൽ പുതുതായി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച അതോറിറ്റികളും, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസും, കമ്പനികളും നിലവിൽ വന്നിട്ടുണ്ടോ .

(ബി) ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളും ഇതിനകം സ്വീകരിച്ച നടപടികളും സംബന്ധിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

2011-12 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ ധനസമാഹരണം

144 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2011-12 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ധനസമാഹരണ ലക്ഷ്യവും-നേട്ടവും വിശദമാക്കാമോ ;

(ബി) പദ്ധതിയുടെ അടങ്കൽ എത്ര ആയിരുന്നു; പ്രതീക്ഷിച്ച കേന്ദ്ര പ്രത്യേക സഹായം എത്രയായിരുന്നു ; യഥാർത്ഥത്തിൽ എന്തു തുക ലഭിച്ചു;

(സി) വിദേശ സഹായ പദ്ധതികൾക്കുള്ള ധനസഹായവും അധിക കേന്ദ്രസഹായവും എത്രയായിരുന്നു ; കൈവരിച്ചത് എത്ര കോടി ആണെന്ന് വ്യക്തമാക്കുമോ ;

(ഡി) എസ്.എൽ.ആർ. ആധാരമാക്കിയുള്ള പൊതുകടമെടുപ്പ് തുക എത്രയായിരുന്നു ; നേട്ടം എത്ര കോടി ; 13-ാം ധനകാര്യ കമ്മീഷന്റെ പ്രത്യേക ഗ്രാന്റുകൾ ലക്ഷ്യം എത്രയായിരുന്നു ; ലഭിച്ചത് എത്ര കോടിയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

2011-12 ലെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ നടപ്പാക്കൽ

145 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഗവൺമെന്റിന്റെ 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഓരോ വകുപ്പുകൾക്കും വേണ്ടി പ്രഖ്യാപിച്ചിരുന്ന പുതിയ പദ്ധതികളും, പരിപാടികളും, സ്കീമുകളും, നിർമ്മാണ പ്രവൃത്തികളും ആ വർഷം തന്നെ പൂർണമായി നടപ്പിലാക്കുകയുണ്ടായോ;

(ബി) ഇല്ലെങ്കിൽ ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശങ്ങളിൽ ആ വർഷം നടപ്പിലാക്കാൻ സാധിക്കാതെ പോയവ ഏതൊക്കെയായിരുന്നുയെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ;

(സി) ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ, ഭരണാനുമതി നല്കിയെങ്കിലും യഥാർത്ഥത്തിൽ നടപ്പിൽ വരുത്തിയിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പ്ലാൻ ഫണ്ട് വിനിയോഗം</u>

146 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഫെബ്രുവരി 29-ന് അവസാനിച്ച മാസത്തിൽ പ്ലാൻ ഫണ്ട് വിനിയോഗം എത്ര ശതമാനമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ പ്ലാൻ ഫണ്ട് വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ;വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതി വിഹിതം 2012 മാർച്ച് 31-ന് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; ഈ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി അനുവദിച്ച തുക മുഴുവനും വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

വാറ്റ് നികുതി

147 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ വാറ്റ് നികുതി കുറച്ച ഉൽപ്പന്നങ്ങൾക്ക് ബജറ്റ് പ്രഖ്യാപനത്തിനു ശേഷവും വിപണിയിൽ കൂടുതൽ വില ഈടാക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ ഗവൺമെന്റ് സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷനും, റോഡ് ഫണ്ട് ബോർഡിനും ബഡ്ജറ്റിൽ നീക്കി വച്ച തുക

148 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷനും, റോഡ് ഫണ്ട് ബോർഡിനും കഴിഞ്ഞ ബഡ്ജറ്റിൽ നീക്കി വച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ; അതിൽ എത്ര തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) അൾട്ടറേഷൻ മെമ്മോറാണ്ടം പ്രകാരം മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>2011-12 വർഷത്തിൽ സംസ്ഥാനത്തിന് നഷ്ടമായ കേന്ദ്ര സർക്കാർ ഫണ്ടുകൾ</u>

149 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനദണ്ഡങ്ങൾ പാലിക്കാത്തതുമൂലവും തുക കൃത്യസമയത്ത് ചെലവഴിക്കാത്തതുമൂലവും കേന്ദ്ര സർക്കാരിൽ നിന്നുള്ള എന്തെല്ലാം ഫണ്ടുകളാണ് 2011-12 ൽ സംസ്ഥാനത്തിന് നഷ്ടമായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 2011-12-ൽ കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം പദ്ധതികൾ പ്രകാരമുള്ള ഫണ്ടുകളാണ് പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

മണ്ഡല വികസനത്തിനായി എം.എൽ.എ മാർക്ക്
അനുവദിച്ച തുക

150 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ എം.എൽ.എ മാർക്ക് മണ്ഡല വികസനത്തിനായി 5 കോടി രൂപ വകയിരുത്തുമെന്ന പ്രഖ്യാപനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

കേന്ദ്രസർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം

151 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചുകിട്ടുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം ഘട്ടത്തിൽ എത്ര വീതം സാമ്പത്തിക സഹായത്തിനായി അഭ്യർഥന നടത്തുകയുണ്ടായി ; ഓരോന്നിലും എത്ര വീതം സഹായം ലഭിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സർക്കാർ കൊടുത്തുതീർക്കേണ്ട മൊത്തം ബാധ്യതകൾ</u>

152 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം സംസ്ഥാന ഗവ: കൊടുത്ത് തീർക്കേണ്ട മൊത്തം ബാധ്യതകളെ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) പി.ഡബ്ല്യു.ഡി കോൺട്രാക്ടർമാർ ജലവിഭവ വകുപ്പിലെ കോൺട്രാക്ടർമാർ, സാമൂഹ്യസുരക്ഷാ പെൻഷനുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ലാൻഡ് അക്വസിഷൻ തുടങ്ങി എന്തെല്ലാം ഇനങ്ങളിൽ എത്ര തുക ഇപ്പോൾ കൊടുത്ത് തീർക്കാനായി ബാക്കി നില്പുണ്ട് ; ഇവയ്ക്കെല്ലാമായി ഇപ്പോൾ ട്രഷറിയിൽ എത്ര തുക മിച്ചമുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിന്റെ മാർഗ്ഗരേഖ</u>

153 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് ചെലവഴിക്കപ്പെടുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുക;

(ബി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത മാർഗ്ഗരേഖ തയ്യാറാക്കുന്നതിന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾക്ക് 2011-12 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി അടങ്കൽ തുക</u>

154 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾക്ക് 2011-12 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി അടങ്കൽ തുക എത്ര കോടി വീതമായിരുന്നു; അതിൽ കേന്ദ്രസഹായ പദ്ധതികളുടെ അടങ്കൽ എത്ര കോടി വീതമായിരുന്നു;

(ബി) ഇവയിൽ യഥാർത്ഥത്തിൽ ചെലവഴിക്കാൻ കഴിയാതെ പോയ തുകകൾ എത്രകോടി വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പെൻഷൻ പ്രായം 56 വയസ്സ് ആക്കിയതു മൂലം ചെലവിൽ വന്ന കുറവ്</u>

155 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 വയസ്സ് ആക്കിയത് മൂലം സാമ്പത്തികമായ ചെലവ് എത്ര കണ്ട് കുറയ്ക്കുവാൻ കഴിഞ്ഞു എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള പദ്ധതി അടങ്കൽ

156 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തികവർഷം സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള പദ്ധതി അടങ്കൽ എത്ര കോടിയായിരുന്നു; ചെലവഴിച്ചത് എത്ര;

(ബി) സമ്പൂർണ്ണ ശുചിത്വ ക്യാമ്പയിന് പദ്ധതി അടങ്കൽ എത്രയായിരുന്നു; ചെലവഴിച്ചത് എത്ര;

(സി) ദേശീയ ഗ്രാമീണ ആരോഗ്യമിഷന് അടങ്കൽ എത്രയായിരുന്നു; ചെലവഴിച്ചത് എത്ര?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>പി. ഡബ്ല്യു. ഡി. കരാറുകാർക്ക് സർക്കാർ കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക</u>

157

ഡോ. റ്റി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം പി. ഡബ്ല്യു. ഡി. കരാറുകാർക്ക് സർക്കാർ കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക എത്ര കോടിയാണെന്ന് വെളിപ്പെടുത്താമോ;

(ബി) സർക്കാർ വർക്കുകൾ കോൺട്രാക്ട് എടുത്ത് നിർവ്വഹിച്ച ഇനത്തിൽ മൊത്തം എന്തു തുക കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ അടൂർ മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ</u>

158

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ അടൂർ മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വകുപ്പുതിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

2011 - 2012 സാമ്പത്തിക വർഷത്തെ ട്രഷറി ബാലൻസ്

159 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ട്രഷറി ബാലൻസ് എത്രയായിരുന്നു;

(ബി) 2012 മാർച്ച് 31 ലെ ട്രഷറി ബാലൻസ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 2006 മുതൽ 2012 മാർച്ച് 31 വരെയുള്ള സാമ്പത്തിക വർഷത്തെ നികുതി വരുമാനവും, നികുതി വർദ്ധനവിന്റെ ശതമാനവും വ്യക്തമാക്കുമോ;

(ഡി) 2006 മുതൽ 2012 മാർച്ച് 31 വരെയുള്ള ജി.എസ്.ഡി.പി എത്രയെന്ന് വ്യക്തമാക്കുമോ; ഓരോ വർഷത്തെയും വർദ്ധനവ് എത്ര ശതമാനം എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ഓവർഡ്രാഫ്റ്റ്

160 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓവർ ഡ്രാഫ്റ്റ് ഇനത്തിൽ എത്ര രൂപയെടുത്തു;

(ബി) റവന്യൂ ഇനത്തിൽ എത്ര രൂപ ഈ സർക്കാർ അധികാരമേറ്റ ശേഷം പിരിച്ചെടുത്തിട്ടുണ്ട്;

(സി) നികുതി നികുതിയേതര ഇനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കാനുണ്ടെന്നുള്ള വിവരം വ്യക്തമാക്കുമോ;

(ഡി) നികുതിയും പാട്ടവും വൻ തോതിൽ അടയ്ക്കുവാനുള്ളവരിൽ നിന്നും പ്രസ്തുത തുക പിരിച്ചെടുക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>എൻ.ആർ.എ തുക പിൻവലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>

161 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും പ്രൊവിഡന്റ് ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കാത്ത വായ്പ അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) അപേക്ഷ നൽകി മാസങ്ങളോളം പണം ലഭിക്കാൻ കാത്തിരിക്കേണ്ട സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ:

(സി) എൻ.ആർ.എ. തുക പിൻവലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനും കാലോചിതമായി പരിഷ്ക്കരിക്കാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി</u>

162 ശ്രീ. പി. എ. മാധവൻ
,, ഐ. സി. ബാലകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ ;

(സി) ഏതു വർഷം മുതൽ ലോൺ എടുത്ത കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക ;

(ഡി) ഇതിനായി പ്രതിവർഷം വേണ്ടി വരുന്ന ഏകദേശം തുക എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

2011-12 സാമ്പത്തിക വർഷത്തെ സർക്കാരിന്റെ നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ

163 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തെ സർക്കാരിന്റെ വിവിധ മേഖലകളിൽ നിന്നുള്ള നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ വർഷം നികുതി വരുമാനത്തിൽ വർധനവോ, കുറവോ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കഴിഞ്ഞ വർഷം നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

നികുതി വർധന തടയുന്നതിന് നടപടികൾ

164 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബജറ്റ് നിർദ്ദേശങ്ങൾ പ്രാബല്യത്തിലാകുന്നതിന് മുമ്പ് തന്നെ ഒരു ശതമാനം മൂല്യവർധിത നികുതി വർധനയുടെ പേരിൽ 10 ശതമാനത്തിലേറെ വില വർധന വിപണിയിൽ നടപ്പാക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓരോ ഉത്പന്നത്തിനും ബജറ്റിന് ശേഷം യഥാർത്ഥത്തിൽ കൂട്ടാവുന്ന വിലയാണോ വിപണിയിൽ ഈടാക്കുന്നതെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ;

(സി) നികുതി വർധനയുടെ പേരിൽ നടക്കുന്ന ക്രമക്കേട് തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>'ദേശീയ വ്യവഹാര നയം'</u>

165 ശ്രീ. പി.എ. മാധവന്‍
,, ഹൈബി ഈഡന്‍
,, ലൂഡി ലൂയിസ്
,, എ.റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര സര്‍ക്കാര്‍ പ്രഖ്യാപിച്ച 'ദേശീയ വ്യവഹാര നയം' കേരളത്തില്‍ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ദേശീയ വ്യവഹാര നയത്തിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി കേന്ദ്ര സര്‍ക്കാര്‍ സംസ്ഥാനത്തിന് എന്തെല്ലാം സഹായങ്ങള്‍ അനുവദിച്ചിട്ടുണ്ട്;

(ഡി) ദേശീയ വ്യവഹാര നയം കേരളത്തില്‍ നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>പ്രൈസ് മോണിറ്ററിംഗ് ബ്യൂറോ</u>

166 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ടാക്സ് നിർണ്ണയം കുറ്റമറ്റതാക്കാൻ പ്രൈസ് മോണിറ്ററിംഗ് ബ്യൂറോയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ ബ്യൂറോയുടെ പ്രവർത്തനം മൂലം ടാക്സ് റവന്യൂവിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകൾ</u>

167 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനാതിർത്തികളിൽ ഇപ്പോൾ എത്ര സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) 2011-2012 വർഷത്തിൽ ഈ ചെക്ക് പോസ്റ്റുകൾ വഴിയുള്ള മൊത്തം ടാക്സ് കളക്ഷനും ഓരോ ചെക്ക് പോസ്റ്റിൽ നിന്നുള്ള വരുമാനവും എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(സി) 2012-2013-ൽ ഈ ചെക്ക് പോസ്റ്റുകളിലുടെ പ്രതീക്ഷിക്കുന്ന ടാക്സ് കളക്ഷൻ എത്രയാണ് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ചെക്ക് പോസ്റ്റുകളുടെ പ്രവര്‍ത്തനം</u>

168 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
ശ്രീ. കെ. ശിവദാസന്‍ നായര്‍
ശ്രീ. വര്‍ക്കല കഹാര്‍
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളുടെ പ്രവര്‍ത്തനം സുതാര്യമാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി ചെക്ക് പോസ്റ്റുകളില്‍ വെബ് ക്യാമറ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കില്‍ ഇത് കൊണ്ടുള്ള പ്രയോജനങ്ങള്‍ എന്തെല്ലാം, ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ചെക്ക് പോസ്റ്റുകളിലൂടെ കോഴി കടത്ത്

169 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വിവിധ ചെക്ക് പോസ്റ്റുകളിലൂടെ വ്യാപകമായി കോഴികളെ കടത്തുന്നത് തടയുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>കാർഷിക വായ്പകൾ</u>

170 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് പലിശയിളവ് നൽകുന്നുണ്ടോ ; എങ്കിൽ എത്രശതമാനമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷിക വായ്പകൾക്ക് തിരിച്ചടവിന് പലിശ പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ട്രഷറി ബാലൻസ്</u>

171 **ശ്രീ. പി.കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 2011 മെയ് 18-ന് സംസ്ഥാന ട്രഷറിയിൽ ബാക്കി നിൽപുണ്ടായിരുന്ന തുക എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) 2012 മെയ് 18-ന് ട്രഷറിയിൽ ഉണ്ടായിരുന്ന തുക എത്ര?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ട്രഷറികളുടെ നവീകരണം</u>

172 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ട്രഷറികളുടെ പ്രവർത്തനം നവീകരിക്കുന്നതിന് സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) പുതുതായി എന്തെല്ലാം മാറ്റങ്ങളാണ് ട്രഷറി ഇടപാടുകളിൽ നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) കൂടുതൽ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പുതിയ ട്രഷറികളും നവീകരണവും</u>

173 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ട്രഷറികൾ പുതുതായി ആരംഭിച്ചു; അവ എവിടെയെല്ലാമാണ്;

(ബി) ട്രഷറികളിൽ ഇലക്ട്രോണിക് ബാങ്കിംങ് സംവിധാനം ഏർപ്പെടുത്തുന്നതിനും ട്രഷറികളെ നെറ്റ്വർക്കിങ്ങിലൂടെ ബന്ധപ്പെടുത്തുന്നതിനുമുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ട്രഷറി സേവിംഗ്സ് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ**

174 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

29.06.2010-ലെ ധനകാര്യ(ബഡ്ജറ്റ്-എ) വകുപ്പിന്റെ ജി. ഒ. ആർ.ടി. നമ്പർ 5177/10/ധന. പ്രകാരം എം.എൽ.എ. മുഖാന്തിരം സ്വരൂപിക്കുന്ന ട്രഷറി ഡെപ്പോസിറ്റ് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പുതിയ സബ്ട്രഷറികൾ</u>

175 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതിയ സബ്ട്രഷറികൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ്ട്രഷറി വിഭജിച്ച് പുളിക്കൽ കേന്ദ്രമായി ഒരു ട്രഷറി തുടങ്ങണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>പുതിയ ട്രഷറികൾ</u>

176 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതിയതായി സബ്ട്രഷറികൾ അനുവദിയ്ക്കുന്നത് സംബന്ധിച്ച് പുതിയ നിബന്ധനകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) 25 കിലോമീറ്ററിലധികം യാത്ര ചെയ്ത് ട്രഷറി ഇടപാടുകൾ നടത്തേണ്ടി വരുന്ന കോങ്ങാട് അസംബ്ലി മണ്ഡലത്തിന്റെ ആസ്ഥാനമായ കോങ്ങാട് ഒരു സബ് ട്രഷറി ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് ഈ വർഷത്തെ തന്നെ ബജറ്റിൽ ഉൾപ്പെടുത്തി അനുവദിയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ;

(ഡി) സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ ഇക്കാര്യം ഗൗരവമായി പരിഗണിയ്ക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

താനൂരിൽ സബ് ട്രഷറി

177 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിലായി ഒട്ടേറെ ഓഫീസുകളും വിദ്യാലയങ്ങളും പ്രവർത്തിക്കുന്ന താനൂരിൽ ഒരു സബ് ട്രഷറിയുടെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സബ് ട്രഷറി സ്ഥാപിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ ;

(സി) ഇവ പരിഹരിച്ച് എന്ന് സബ് ട്രഷറി സ്ഥാപിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ചെറുപുഴ സബ്ബ് ട്രഷറി</u>

178 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ചെറുപുഴയിൽ ആരംഭിക്കുന്ന സബ്ബ് ട്രഷറിയിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; ഉത്തരവ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം</u>

179 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ ഭാഗ്യക്കുറിയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വരുമാനം എത്രയായിരുന്നു; ഇപ്പോഴത്തെ വരുമാനം എത്രയാണ്;

(ബി) ഭാഗ്യക്കുറിയുടെ കാര്യക്ഷമമായ നടത്തിപ്പിലൂടെ എത്ര പേർക്ക് തൊഴിൽ നല്കുവാൻ സാധിച്ചുവെന്ന് അറിയിക്കുമോ;

(സി) ഭാഗ്യക്കുറി നറുക്കെടുപ്പ് ആധുനികവൽക്കരിയ്ക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>വ്യാജലോട്ടറി</u>

180 ശ്രീ. അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒറ്റ നമ്പർ ലോട്ടറികൾ, അന്യസംസ്ഥാന ലോട്ടറികൾ, വ്യാജലോട്ടറികൾ എന്നിവയുടെ ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വ്യാജലോട്ടറി നിയന്ത്രിക്കുവാൻ വേണ്ടി നിയമനിർമ്മാണം നടത്തുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) വ്യാജലോട്ടറി തടയുന്നതിന് ഒരു സ്ഥിരസംവിധാനം ഏർപ്പെടുത്തുമോ; ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>കാരുണ്യ ചികിത്സാ പദ്ധതി</u>

181 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിയിലൂടെ ഇതിനകം സമാഹരിച്ച തുക എത്രയെന്ന് വ്യക്തമാക്കുക;

(ബി) കാരുണ്യ ചികിത്സാ പദ്ധതിയുടെ ആനുകൂല്യത്തിന് അപേക്ഷിച്ചിട്ടുള്ളവരെത്ര; ഇതിനകം എത്ര അപേക്ഷകർക്ക് ധനസഹായം നൽകി; എന്ത് തുക ഇതിനകം ചിലവഴിയ്ക്കുകയുണ്ടായി?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**കാരുണ്യ ലോട്ടറിയുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തിന് ലഭിച്ച വരുമാനം**

182 **ശ്രീ. ബാബു. എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കാരുണ്യ ലോട്ടറിയുടെ നടത്തിപ്പിലൂടെ എത്ര രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്;**

(ബി) **കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ എത്ര പേർക്ക് ചികിത്സാ ധനസഹായം നൽകി; കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് പദ്ധതി</u>

183 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി അപേക്ഷിക്കുന്നതിന്റെ മാതൃകാഫോറം പ്രസിദ്ധപ്പെടുത്തുമോ;

(സി) സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണഫലം ലഭിക്കുമോ; ഇല്ലെങ്കിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടേണ്ടിവരുന്ന നിർദ്ധനർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലൻസ് ഫണ്ടിൽ നിന്നുള്ള സഹായം</u>

184 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വിജിലൻസും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലൻസ് ഫണ്ടിൽ നിന്നും ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന രോഗികൾക്കാണ് സഹായം നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) നാളിതുവരെ എത്ര രോഗികൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും സഹായം നൽകാൻ സാധിച്ചിട്ടുണ്ടെന്നതിന്റെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ;

(സി) വയനാട് ജില്ലയിൽ നിന്നും ചികിത്സാ സഹായം ലഭിച്ച രോഗികളുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>കാരുണ്യ ലോട്ടറി</u>

185 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിയിലൂടെ സമാഹരിക്കുന്ന തുകയിൽനിന്നും പാവപ്പെട്ട രോഗികൾക്ക് സഹായം ലഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കാരുണ്യ ലോട്ടറിവഴി ഇതുവരെ എന്തു തുക ലാഭം ഉണ്ടായിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര രോഗികൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) ആലപ്പുഴ ജില്ലയിൽ ഈ പദ്ധതി പ്രകാരം എത്ര രോഗികൾക്ക് സഹായം നൽകി; വിശദാംശം നൽകുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**<u>കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>**

186 ശ്രീ. എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം അസുഖങ്ങൾക്കാണ് ഇതുവഴി സഹായം ലഭിക്കുന്നത്;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ പദ്ധതിവഴി ലഭിക്കുന്നത്;

(ഡി) ഇതിനുളള ഫണ്ട് സ്വരൂപിക്കുന്നത് എവിടെനിന്നാണ്;

(ഇ) കൂടുതൽ അസുഖങ്ങളെ ഉൾപ്പെടുത്തുന്നതിനും ചികിത്സാ ധനസഹായം വർദ്ധിപ്പിക്കുന്നതിനുമുളള നടപടികൾ ആലോചിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>**

**187 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം നടപടിക്രമങ്ങളാണ് ലഘൂകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അപേക്ഷകൻ മരണപ്പെട്ടാൽ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം നൽകുമോ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

### കാരുണ്യ ലോട്ടറിയിൽ നിന്നുള്ള സഹായം

188

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിയിൽ നിന്നും രോഗികൾക്ക് നൽകിവരുന്ന ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും ഇതുവരെ എത്ര പേർക്ക് എത്ര തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ**

189 ശ്രീ. വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, വി. റ്റി. ബൽറാം
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക്കൽ ഫണ്ട് ആഡിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) സർക്കാർ ഗ്രാന്റ് നൽകുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സംവിധാനം നടപ്പിലാക്കുമോ ;

(സി) ഇതിനായി ആക്റ്റിൽ കാലോചിതമായി പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

**നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ റിപ്പോർട്ട്**

190 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ചിറ്റയം ഗോപകുമാർ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ റിപ്പോർട്ട് അടിസ്ഥാനമാക്കി സംസ്ഥാനത്തെ ഗ്രാമങ്ങളിലെ ആളോഹരി പ്രതിമാസ ചെലവ് എത്ര രൂപയായിട്ടാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രാമങ്ങളിലും നഗരങ്ങളിലും പ്രതിദിന ആളോഹരി ചെലവ് എത്ര വീതമാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഗ്രാമങ്ങളിലും നഗരങ്ങളിലും ആളോഹരി വരുമാന വർദ്ധനവുണ്ടാക്കുന്നതിനായി എന്തെങ്കിലും പദ്ധതികളുണ്ടെങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

ബദൽ തർക്ക പരിഹാര സംവിധാനം

191 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബദൽ തർക്ക പരിഹാര സംവിധാനം വിപുലപ്പെടുത്തുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ കേസ്സുകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബദൽ തർക്ക പരിഹാര സംവിധാനത്തിന് സമൂഹത്തിന്റെ വിശ്വാസം നേടുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഓഫീസിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ**

**192 ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഓഫീസിൽ ഏതെല്ലാം തസ്തികകളാണ് ഉളളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) 2011 ജൂലൈ മാസത്തിന് ശേഷം ഏതെല്ലാം തസ്തികകൾ എത്രകാലം ഒഴിഞ്ഞു കിടന്നു എന്ന് തസ്തിക തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ചീഫ് ടെക്നിക്കൽ എക്സാമിനർ തസ്തിക**

193 **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ തസ്തിക എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നു എന്ന് വ്യക്തമാക്കാമോ;**

(ബി) **ഇത് നികത്താത്തതിന് കാരണം എന്താണെന്ന് വിശദമാക്കാമോ?**

# കേരള നിയമസഭ

## 11.06.2012-ലെ മറുപടിക്ക്

<u>ട്രഷറികളിലെ കെ.എസ്.എഫ്.ഇ. യുടെ നിക്ഷേപം</u>

**194 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ കെ.എസ്.എഫ്.ഇ. യുടെ നിക്ഷേപം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.എഫ്.ഇ. ആക്സിസ് ബാങ്കിൽ നിക്ഷേപം നടത്താറുണ്ടോ ;

(സി) ട്രഷറികളിലെ കെ.എസ്.എഫ്.ഇ. നിക്ഷേപം ആക്സിസ് ബാങ്കിലേയ്ക്ക് മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ആക്സിസ് ബാങ്കിലെ കെ.എസ്.എഫ്.ഇ.യുടെ അക്കൗണ്ട്**

195 **ശ്രീമതി പി. അയിഷാപോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. സ്വകാര്യ ബാങ്കായ ആക്സിസ് ബാങ്കിൽ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബാങ്കിന്റെ ഏതെല്ലാം ശാഖകളിലാണ്;

(സി) സ്വകാര്യ ബാങ്കിൽ കെ.എസ്.എഫ്.ഇ. അക്കൗണ്ട് ആരംഭിക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(ഡി) കെ.എസ്.എഫ്.ഇ. സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചിട്ടുളള തുക സ്വകാര്യ ബാങ്കുകളുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെങ്കിൽ പ്രസ്തുത ബാങ്കുകളുടെ വിശദാംശവും മാറ്റപ്പെട്ട തുകയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**അടൂർ മണ്ഡലത്തിലെ പറക്കോട് കെ. എസ്. എഫ്. ഇ. യുടെ പുതിയ ബ്രാഞ്ച്**

**196 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിലെ പറക്കോട് കെ. എസ്. എഫ്. ഇ. യുടെ പുതിയ ബ്രാഞ്ച് ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ തുടർ നടപടികളുടെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>പാർപ്പിടനയം</u>

197 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പാർപ്പിടനയം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട വീടുകൾ നിർമ്മിക്കുന്നതിനുള്ള ഏതെല്ലാം നൂതന സാങ്കേതിക വിദ്യയാണ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**<u>ഭവന നിർമ്മാണ വകുപ്പ് പുതിയതായി ആവിഷ്ക്കരിച്ച പാർപ്പിട പദ്ധതികൾ</u>**

198 **പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ വകുപ്പ് പുതിയതായി ആവിഷ്ക്കരിച്ച പാർപ്പിട പദ്ധതികൾ എതെല്ലാമാണ്;

(ബി) ഇ.എം. എസ്. പാർപ്പിട പദ്ധതിയുടെ തുടർച്ച വിഭാവനം ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ഭവനവായ്പ പലിശനിരക്ക് വര്‍ദ്ധിപ്പിച്ച സാഹചര്യത്തില്‍ സാധാരണക്കാരന് ആശ്വാസം പകരുന്ന പദ്ധതികള്‍**

199 **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ ഒന്നരവര്‍ഷത്തിനുള്ളില്‍ റിസര്‍വ്വ് ബാങ്ക് 13 തവണയായി ഭവന വായ്പയ്ക്ക് 3.75 ശതമാനം പലിശ നിരക്ക് വര്‍ദ്ധിപ്പിച്ച സാഹചര്യത്തില്‍ സാധാരണക്കാരന് ആശ്വാസം പകരുന്ന എന്തെങ്കിലും പദ്ധതികള്‍ സര്‍ക്കാര്‍ രൂപീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരം നല്‍കുമോ;

(ബി) 10 ലക്ഷം രൂപയ്ക്ക് താഴെ ഭവന വായ്പ എടുത്തിട്ടുള്ളവര്‍ക്കെങ്കിലും ആശ്വാസം പകരുന്ന രീതിയില്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

കെട്ടിട നിര്‍മ്മാണ നടപടി

200 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെട്ടിട നിര്‍മ്മാണ സാമഗ്രികളുടെ വില നിയന്ത്രണ രംഗത്ത് ഗവണ്‍മെന്റിന്റെ ഇടപെടലുകള്‍ കാര്യക്ഷമമല്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ബജറ്റിലെ നികുതി വര്‍ധനയുടെ പേരില്‍ വ്യാപാരികള്‍ നിര്‍മ്മാണ സാമഗ്രികളുടെ വിലയില്‍ വന്‍ വര്‍ധന വരുത്തുന്നു എന്ന ആരോപണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ പല സ്ഥലങ്ങളിലും നിര്‍മ്മാണ സാമഗ്രികള്‍ക്ക് പല വിലയാണ് ഈടാക്കുന്നതെന്നും വില ഏകീകരണമില്ല എന്നുളളതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ രംഗത്തെ ചൂഷണം അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എന്തെല്ലാം ചെയ്യാന്‍ സാധിക്കും എന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>മൈത്രി പദ്ധതി</u>

201 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൈത്രി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ദുർബല വരുമാനക്കാർക്കായി എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിവഴി നടപ്പാക്കിയിട്ടുള്ളത്;

(സി) വായ്പയിനത്തിലും സബ്സിഡിയിനത്തിലും എത്ര കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ട്;

(ഡി) വായ്പാകുടിശ്ശിക എഴുതി തള്ളിയവരുടെ പണയാധാരങ്ങൾ തിരികെ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

<u>സാഫല്യം ഫ്ളാറ്റ് നിർമ്മാണം</u>

202

**ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ വകുപ്പ് ഗ്രാമീണ മേഖലയിലെ ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിലേക്ക് "സാഫല്യം" എന്ന നാമധേയത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസി മുഖേനയാണ് പദ്ധതി ആവിഷ്ക്കരിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ എവിടെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും എന്തൊക്കെ കാര്യങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) പദ്ധതി എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) സാഫല്യം ഫ്ളാറ്റ് നിർമ്മാണത്തിലേക്ക് എത്ര രൂപയാണ് ആകെ ആവശ്യമായി വരുന്നതെന്നും ഇതിലേക്ക് എന്ത് ക്രമീകരണങ്ങളാണ് ബന്ധപ്പെട്ടവർ തയ്യാറാക്കിയിട്ടുള്ളതെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലേക്ക് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാന ജീവനക്കാരുടെ ഭവനവായ്പയുടെ പലിശനിരക്ക്</u>

203 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ഭവനവായ്പയുടെ പലിശ ദേശസാൽകൃത, പൊതുമേഖലാ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങൾ ഈടാക്കുന്നതിനേക്കാൾ ഉയർന്ന നിരക്കിലാണോ;

(ബി) പ്രസ്തുത പലിശ നിരക്കുകൾ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ജീവനക്കാരുടെ ഭവന വായ്പയുടെ പലിശ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ആൾപ്പാർപ്പില്ലാത്ത വീടുകളുടെ കണക്കെടുപ്പ്**

**204** **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആൾപ്പാർപ്പില്ലാത്ത വീടുകളെ സംബന്ധിച്ച് ഏതെങ്കിലും സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഹൗസിങ് ബോർഡിന് പണം നൽകി പുതിയ പ്ലോട്ടുകളിൽ പണിയുന്ന വീടുകൾ യഥാർത്ഥ ആവശ്യക്കാർ തന്നെയാണോ ഉപയോഗിക്കുന്നത് എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**കോഴിക്കോട് ശാന്തിനഗർ കോളനി നിവാസികൾക്ക് പാർപ്പിട സമുച്ചയം നിർമ്മിച്ചു നൽകൽ**

205 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ശാന്തിനഗർ കോളനി നിവാസികൾക്ക് പാർപ്പിട സമുച്ചയം നിർമ്മിച്ചു നൽകുന്നതിനായി ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ബി) വീടുകൾ ലഭിക്കുന്നതിന് എത്ര പേർ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 11.06.2012-ലെ മറുപടിക്ക്

**ചാലക്കുടിയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഹൗസിംഗ് അക്കോമഡേഷൻ സ്കീം.**

206 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും** വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) 26 വർഷങ്ങൾക്ക് മുൻപ് ചാലക്കുടിയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ വീടും സ്ഥലവും വാങ്ങിയവർക്ക് ഇതുവരെയും തീറാധാരം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൽ. എ. ആർ. കേസ്സുകൾ തീർപ്പായതിനുശേഷവും തീറാധാരം നൽകാത്ത സാഹചര്യത്തിൽ, ഇവർക്ക് ആധാരം എന്ന് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?